**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 651 08.08.2017-ൽ മറുപടിക്ക്**

## സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് ആദായനികുതി വകുപ്പിന്റെ നോട്ടീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു.<br>,, കോവൂർ കുഞ്ഞുമോൻ<br>,, എ.കെ.ശശീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ സംഘങ്ങളിൽ 2012 മുതൽ പണം നിക്ഷേപിച്ചവർക്ക് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സഹകരണ സംഘങ്ങളിൽ പണം നിക്ഷേപിച്ചവർക്ക് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ട കൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി 3976/2010) തീർപ്പാക്കി 27.08.2013 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എത്തരം നിക്ഷേപങ്ങൾക്കുള്ള പലിശയ്ക്കാണ് നികുതി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | ആദായനികുതി നിയമത്തിൽ ഇളവുകൾ നിഷ്കർഷിച്ചിട്ടുള്ള ഒരു നിശ്ചിത തുകവരെയുള്ള എസ്.ബി. അക്കൗണ്ടിൽ നിന്നുള്ള പലിശ ഒഴികെയുള്ള എല്ലാ നിക്ഷേപങ്ങൾക്കുമുള്ള പലിശയ്ക്ക് ആദായനികുതി നൽകേണ്ടതുണ്ട്. |
| (സി) | പെൻഷൻ വാങ്ങുന്നവരെയും കാർഷിക വരുമാനം നിക്ഷേപിച്ചവരെയും ഈ നടപടി പ്രതികൂലമായി ബാധിച്ച വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ വിഷയത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**